**മധുരമായ കുട്ടികളേ – നിങ്ങളുടെ ഈ ജീവിതം ദേവതകളെക്കാളും ഉത്തമമാണ്, എന്തുകൊണ്ടെന്നാൽ നിങ്ങളിപ്പോൾ രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചും യഥാർത്ഥ രീതിയിൽ മനസ്സിലാക്കി ആസ്തികരായിരിക്കുന്നു**

**ചോദ്യം –** മുഴുവൻ കല്പത്തിലും ലഭിക്കാത്ത, സംഗമയുഗീ ഈശ്വരീയ പരിവാരത്തിന്റെ വിശേഷത എന്താണ്?
**ഉത്തരം –** ഈ സമയത്താണ് സ്വയം ഈശ്വരൻ അച്ഛനായി വന്ന് നിങ്ങൾ കുട്ടികളെ സംരക്ഷിക്കുന്നത്, ടീച്ചറായി പഠിപ്പിക്കുന്നത്, സദ്ഗുരുവായി മാറി നിങ്ങളെ പൂക്കളാക്കി കൂടെക്കൊണ്ടു പോകുന്നത്. സത്യ യുഗത്തിൽ ദൈവീക പരിവാരമായിരിക്കും പക്ഷേ ഇങ്ങനെയുള്ള ഈശ്വരീയ പരിവാരമുണ്ടാവുകയില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ പരിധിയില്ലാത്ത സന്യാസിമാരാണ്. രാജയോഗികളാണ്. രാജ്യപദവിയ്ക്കു വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്.

**ഓംശാന്തി**. ഇത് സ്കൂൾ അഥവാ പാഠശാലയാണ്. ആരുടെ പാഠശാലയാണ്? ആത്മാക്കളുടെ പാഠശാല യാണ്. ആത്മാവിന് ശരീരമില്ലാതെ ഒന്നും തന്നെ കേൾക്കാൻ സാധിക്കില്ല എന്നത് തീർച്ചയാണ്. ഇത് ആത്മാക്കളുടെ പാഠശാലയാണ് എന്നു പറയുമ്പോൾ മനസ്സിലാക്കണം – ആത്മാവിന് ശരീരത്തെ കൂടാതെ ഒന്നും തന്നെ മനസ്സിലാക്കാൻ സാധിക്കില്ല. പിന്നീട് ജീവാത്മാവ് എന്ന് പറയേണ്ടതായി വരും. എല്ലാം ജീവാത്മാക്കളുടെ പാഠശാലയാണ്, അതുകൊണ്ടാണ് ഇതിനെ ആത്മാക്കളുടെ പാഠശാലയെന്ന് പറയു ന്നത്. പരമപിതാവായ പരമാത്മാവ് വന്ന് പഠിപ്പിക്കുന്നു. അത് ഭൗതിക പഠിപ്പാണ് ഈ ആത്മീയ പഠിപ്പ് പരി ധിയില്ലാത്ത ബാബയാണ് പഠിപ്പിക്കുന്നത്. അപ്പോൾ ഇത് ഗോഡ്ഫാദറിന്റെ സർവ്വകലാശാലയാണ്. ഭഗ വാനുവാചയല്ലേ. ഇത് ഭക്തിമാർഗ്ഗമല്ല, ഇത് പഠിപ്പാണ്. സ്കൂളിൽ പഠിപ്പാണ് ഉണ്ടാവുക. ക്ഷേത്രങ്ങളിലും ദേവാലയങ്ങളിലുമാണ് ഭക്തിയുണ്ടാകുന്നത്. ഇവിടെ ആരാണ് പഠിപ്പിക്കുന്നത്? ഭഗവാനുവാച. മറ്റൊരു പാഠശാലയിലും ഭഗവാൻ പഠിപ്പിക്കുന്നില്ല. ഇവിടെ മാത്രമാണ് ഭഗവാൻ പഠിപ്പിക്കുന്നത്. ഉയർന്നതിലും ഉയർന്ന ഭഗവാനെയാണ് ജ്ഞാനസാഗരൻ എന്ന് പറയുന്നത്. ആ ഭഗവാന് മാത്രമേ ജ്ഞാനം നൽകാൻ സാധിക്കൂ. ബാക്കി എല്ലാം ഭക്തിയാണ്. ഭക്തിയെക്കുറിച്ച് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്, അതിലൂടെ സദ്ഗതി ഉണ്ടാകില്ല. സർവ്വരുടെയും സദ്ഗതി ദാതാവ് ഒരേയൊരു പരമാത്മാവാണ്. ആ പരമാത്മാവാണ് രാജയോഗം പഠിപ്പിക്കുന്നത്. ആത്മാവ് ശരീരത്തിലൂടെ കേൾക്കുന്നു. മറ്റൊരു ജ്ഞാനത്തിലും ഭഗവാനു വാചാ എന്നില്ല. ശിവജയന്തി ആഘോഷിക്കുന്നതും ഭാരതത്തിൽ തന്നെയാണ്. ഭഗവാൻ നിരാകാരനാണ് പിന്നെ എങ്ങനെ ശിവജയന്തി ആഘോഷിക്കും? ശരീരത്തിൽ പ്രവേശിക്കുമ്പോഴാണ് ജയന്തി ഉണ്ടാകു ന്നത്. ബാബ പറയുന്നു ഞാൻ ഒരിക്കലും ഗർഭത്തിൽ പ്രവേശിക്കുന്നില്ല. നിങ്ങൾ എല്ലാവരും ഗർഭത്തി ലേക്ക് പ്രവേശിക്കുന്നു. 84 ജന്മങ്ങൾ എടുക്കുന്നു. ഏറ്റവും കൂടുതൽ ജന്മങ്ങൾ എടുക്കുന്നത് ഈ ലക്ഷ്മി നാരായണനാണ്. 84 ജന്മങ്ങളെടുത്ത് പിന്നീട് കറുത്തതും, സാധാരണക്കാരനുമായി മാറുന്നു. ലക്ഷ്മീ– നാരായണനെന്നും പറയാം രാധാ–കൃഷ്ണനെന്നും പറയാം. രാധാ–കൃഷ്ണൻ കുട്ടിക്കാലത്താണ്. അവർ ജന്മം എടുക്കുന്നതു തന്നെ സ്വർഗ്ഗത്തിലാണ്. വൈകുണ്ഠമെന്നും പറയുന്നു. ആദ്യ നമ്പറിലെ ജന്മം ഇവ രുടെതാണ്, അപ്പോൾ 84 ജന്മങ്ങളും ഇവർ തന്നെയാണ് എടുക്കുന്നത്. തമോപ്രധാനത്തിൽ നിന്നും സതോ പ്രധാനമായും സതോപ്രധാന അവസ്ഥയിൽ നിന്നും തമോപ്രധാനമായും മാറുന്നു. കൃഷ്ണനെ എല്ലാ വരും സ്നേഹിക്കുന്നു. കൃഷ്ണന്റെ ജന്മമുണ്ടാകുന്നത് പുതിയ ലോകത്തിലാണ്. പിന്നീട് പുനർജന്മം എടുത്തെടുത്ത് ഈ പഴയ ലോകത്തിലേക്ക് എത്തിച്ചേരുമ്പോൾ തമോപ്രധാനമായിത്തീരുന്നു. ഈ കളി തന്നെ ഇങ്ങനെയാണ്. ഭാരതം ആദ്യം സതോപ്രധാനവും സുന്ദരവുമായിരുന്നു. ഇപ്പോൾ കറുത്തതായി ത്തീർന്നു. ബാബ പറയുന്നു ഈ എല്ലാ ആത്മാക്കളും എന്റെ കുട്ടികളാണ്. ഇപ്പോൾ എല്ലാവരും കാമചി തയിൽ എരിഞ്ഞ് കറുത്തതായിത്തീർന്നു. ഞാൻ വന്ന് എല്ലാവരെയും തിരികെ കൊണ്ടു പോകുന്നു. ഈ സൃഷ്ടിചക്രം തന്നെ ഇങ്ങനെയാണ്. പുഷ്പങ്ങളുടെ പൂന്തോട്ടം പിന്നീട് മുൾക്കാടായിത്തീരുന്നു. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ കുട്ടികളും എത്ര സുന്ദരമായ വിശ്വത്തിന്റെ അധികാരികളായിരുന്നു. ഇപ്പോൾ വീണ്ടും ആയിക്കൊണ്ടിരിക്കുന്നു. ഈ ലക്ഷ്മീ–നാരായണൻ വിശ്വത്തിന്റെ അധികാരികളായിരുന്നു. ഇവർ 84 ജന്മങ്ങൾ എടുത്ത് ഇപ്പോൾ വീണ്ടും അതുപോലെയായി മാറിക്കൊണ്ടിരിക്കുകയാണ് അതായത് അവ രുടെ ആത്മാക്കൾ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണ്.

നിങ്ങൾക്ക് അറിയാം സത്യയുഗത്തിൽ അപാരസുഖമാണ്. അവിടെ ഒരിക്കലും ബാബയെ ഓർമ്മിക്കേണ്ട ആവശ്യമില്ല. ഇങ്ങനെയൊരു മഹിമയുണ്ട് ദുഃഖത്തിൽ എല്ലാവരും സ്മരിക്കുന്നു... ആരെ സ്മരിക്കുന്നു?

ബാബയെ. ഇത്രയ്ക്കും കൂടുതൽ പേരെ സ്മരിക്കേണ്ട കാര്യമൊന്നും തന്നെയില്ല. ഭക്തിയിൽ എത്ര പേരെയാണ് സ്മരിക്കുന്നത്? ഒന്നും തന്നെ അറിയുന്നില്ല. കൃഷ്ണൻ ആരാണ്, എപ്പോഴാണ് വന്നത്? ഒന്നും തന്നെ അറിയുന്നില്ല. കൃഷ്ണന്റെയും നാരായണന്റെയും വ്യത്യാസത്തെക്കുറിച്ചു പോലും മനസ്സിലാക്കുന്നില്ല. ശിവബാബയാണ് ഏറ്റവും ഉയർന്നത്. അതിന് താഴെയായി ബ്രഹ്മാവും വിഷ്ണുവും ശങ്കരനുമാണ്. അവരെ ദേവതകൾ എന്നു പറയുന്നു. മനുഷ്യർ എല്ലാവരെയും ഭഗവാൻ എന്നു പറയുന്നു. സർവ്വവ്യാപിയെന്നു പറയുന്നു. ബാബ പറയുന്നു – സർവ്വവ്യാപി മായയാണ് പഞ്ച വികാരങ്ങളാണ്. ഇത് ഓരോരുത്തരുടെയും ഉള്ളിലുണ്ട്. സത്യയുഗത്തിൽ വികാരങ്ങളൊന്നും തന്നെയില്ല. മുക്തിധാമത്തിലും ആത്മാക്കൾ പവിത്രമായിരിക്കുന്നു. അപവിത്രതയുടെ കാര്യം തന്നെയില്ല. രചയിതാവായ ബാബ തന്നെയാണ് വന്ന് തന്റെ പരിചയം നൽകുന്നത്, സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യവും മനസ്സിലാക്കിത്തരുന്നത്. ഇതിലൂടെ നിങ്ങൾ ആസ്തികരായിത്തീരുന്നു. നിങ്ങൾ ഒരേയൊരു പ്രാവശ്യമാണ് ആസ്തികരായിത്തീരുന്നത്. നിങ്ങളുടെ ഈ ജീവിതം ദേവതകളേക്കാളും ഉത്തമമാണ്. മനുഷ്യ ജന്മം ദുർലഭമാണെന്ന് പറയാറുണ്ട്. എപ്പോഴാണോ പുരുഷോത്തമ സംഗമയുഗമുണ്ടാകുന്നത്, അപ്പോൾ വജ്രസമാനമായ ജീവിതമായിരിക്കും. ലക്ഷ്മീ–നാരായണന്റെ ജീവിതത്തെ വജ്രസമാനമെന്നു പറയില്ല. നിങ്ങളുടേതാണ് വജ്രസമാനമായ ജന്മം. നിങ്ങൾ ഈശ്വരീയ സന്താനമാണ്, അവർ ദൈവീക സന്താനവും. ഇവിടെ നിങ്ങൾ പറയുന്നു, നമ്മൾ ഈശ്വരീയ സന്താനമാണ്, ഈശ്വരനാണ് നമ്മുടെ അച്ഛൻ. നമ്മളെ പഠിപ്പിക്കുന്നതും ഈശ്വരനാണ് എന്തുകൊണ്ടെന്നാൽ ജ്ഞാനസാഗരനല്ലേ, രാജയോഗം അഭ്യസിപ്പിക്കുന്നു. ഈ ജ്ഞാനം ഒരേയൊരു തവണ പുരുഷോത്തമ സംഗമയുഗത്തിൽ ലഭിക്കുന്നു. ഇത് ഉത്തമത്തിലും ഉത്തമനായ പുരുഷനായി (ആത്മാവ്) തീരുന്നതിനുള്ള യുഗമാണ്. ഇതൊന്നും ലോകത്തിലുള്ളവർക്ക് അറിയില്ല. എല്ലാവരും കുംഭകർണ്ണന്റെ അജ്ഞാനമാകുന്ന നിദ്രയിൽ ഉറങ്ങി കിടക്കുകയാണ്. എല്ലാവരുടെയും വിനാശം തൊട്ടു മുന്നിലാണ്. അതുകൊണ്ട് ഇപ്പോൾ ആരുമായും കുട്ടികൾക്ക് ഒരു സംബന്ധവും വെക്കരുത്. ഇങ്ങനെ പറയാറുണ്ട് അന്തിമകാലത്ത് ആരാണോ തന്റെ പത്നിയെ സ്മരിക്കുന്നത്... അന്തിമകാലത്ത് ശിവബാബയെ സ്മരിക്കുകയാണെങ്കിൽ നാരായണന്റെ പരമ്പരയിൽ വന്ന് ജന്മമെടുക്കുന്നു. ഈ ഏണിപ്പടി വളരെ നല്ലതാണ്. ഇങ്ങനെ എഴുതിയിട്ടുണ്ട് നമ്മൾ തന്നെയാണ് ദേവതകൾ, ക്ഷത്രിയർ... ഈ സമയത്ത് രാവണരാജ്യമാണ്, അപ്പോഴാണ് നമ്മുടെ ആദി സനാതന ദേവതാധർമ്മത്തെ മറന്ന് അന്യധർമ്മങ്ങളിൽ അകപ്പെട്ടത്. ഈ മുഴുവൻ ലോകവും ലങ്കയാണ്. ബാക്കി സ്വർണ്ണത്തിന്റെ ലങ്കയൊന്നും ഉണ്ടായിരുന്നില്ല. ബാബ പറയുന്നു നിങ്ങൾ നിങ്ങളെക്കാളും കൂടുതൽ എന്റെ ഗ്ലാനിയാണ് ചെയ്തത്. നിങ്ങൾക്ക് 84 ലക്ഷം ജന്മങ്ങളുണ്ടെന്നും, എന്നെ കണ–കണങ്ങളിലുണ്ടെന്നും പറഞ്ഞു. ഇങ്ങനെയുള്ള അപകാരികളുടെമേലാണ് ഞാൻ ഉപകാരം ചെയ്യുന്നത്. ബാബ പറയുന്നു നിങ്ങളുടെ ദോഷമല്ല ഇത് ഡ്രാമയിലെ കളിയാണ്. സത്യയുഗം ആദി മുതൽക്ക് കലിയുഗം അന്തിമം വരെയ്ക്കും ഈ കളിയുണ്ട്. ഇത് വീണ്ടും ആവർത്തിക്കുക തന്നെ ചെയ്യും. ഇത് ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. നിങ്ങളെല്ലാവരും ബ്രഹ്മാകുമാരിമാരും ബ്രഹ്മാകുമാരന്മാരുമാണ്. നിങ്ങൾ ബ്രഹ്മണർ ഈശ്വരീയ സന്താനങ്ങളാണ്. നിങ്ങൾ ഈശ്വരീയ പരിവാരത്തിലാണ് ഇരിക്കുന്നത്. സത്യയുഗത്തിൽ ദൈവീക പരിവാരമാണ്. ഈ ഈശ്വരീയ പരിവാരത്തിൽ ബാബ നിങ്ങളെ സംരക്ഷിക്കുന്നുമുണ്ട്, പഠിപ്പിക്കുന്നുമുണ്ട്. പിന്നീട് പൂക്കളാക്കി മാറ്റി കൂടെക്കൊണ്ടു പോകുകയും ചെയ്യുന്നു. നിങ്ങൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിനു വേണ്ടിയാണ് പഠിക്കുന്നത്. മനുഷ്യനിൽ നിന്നും ദേവതയാക്കി... എന്ന് ഗ്രന്ഥങ്ങളിലുമുണ്ട്. അതുകൊണ്ടാണ് പരമാത്മാവിനെ മായാജാലക്കാരനാണെന്ന് പറയുന്നത്. നരകത്തെ സ്വർഗ്ഗമാക്കിമാറ്റുക എന്നത് മായാജാലത്തിന്റെ കളിയല്ലേ. സ്വർഗ്ഗം നരകമായിത്തീരുന്നതിൽ 84 ജന്മങ്ങളും, പിന്നീട് നരകം സ്വർഗ്ഗമായിത്തീരുന്നതിൽ ഒരു സെക്കന്റും മതി. ഒരു സെക്കന്റിൽ ജീവന്മുക്തി. ഞാൻ ആത്മാവാണ്, ആത്മാവിനെയും അറിഞ്ഞു കഴിഞ്ഞു. ബാബയെയും അറിഞ്ഞു കഴിഞ്ഞു. ആത്മാവ് എന്താണെന്ന് മറ്റൊരു മനുഷ്യർക്കും തന്നെ ഇതറിയില്ല. ഗുരുക്കന്മാർ അനേകമുണ്ട്, സദ്ഗുരു ഏകനാണ്. സദ്ഗുരു അകാലനാണെന്ന് പറയാറുണ്ട്. പരമാത്മാവാണ് ഒരേയൊരു സദ്ഗുരു. പക്ഷേ ഗുരുക്കന്മാർ ധാരാളമുണ്ട്. ആരുംതന്നെ നിർവ്വികാരിയല്ല. എല്ലാവരും വികാരത്തിലൂടെയാണ് ജന്മമെടുക്കുന്നത്.

ഇപ്പോൾ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ എല്ലാവരും ഇവിടെ രാജ്യപദവിയ്ക്കു വേണ്ടിയാണ് പഠിക്കുന്നത്. രാജയോഗികളാണ്, പരിധിയില്ലാത്ത സന്യാസികളാണ്. അവർ ഹഠയോഗികൾ പരിധിയുള്ള സന്യാസിമാരാണ്. ബാബ വന്ന് എല്ലാവരുടെയും സദ്ഗതി ചെയ്ത് എല്ലാവരെയും സുഖികളാക്കുന്നു. എന്നെ സദ്ഗുരു അകാലമൂർത്തി എന്നാണ് പറയുന്നത്. അവിടെ ഇടയ്ക്കിടെ ശരീരത്തെ എടുക്കുകയും ഉപേക്ഷിക്കുകയും ചെയ്യില്ല. കാലൻ വിഴുങ്ങുകയില്ല. നിങ്ങളുടെ ആത്മാവ് അവിനാശിയാണ്. പക്ഷേ പാവനവും പതിതവുമായിത്തീരുന്നു. നിർലേപമല്ല. ഡ്രാമയുടെ രഹസ്യവും ബാബയാണ് മനസ്സിലാക്കിത്തരുന്നത്. രചയിതാവിനു മാത്രമേ രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹ

സ്യത്തെക്കുറിച്ച് മനസ്സിലാക്കിത്തരാൻ സാധിക്കൂ. ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്. ബാബ തന്നെയാണ് നിങ്ങളെ മനുഷ്യനിൽ നിന്നും ദേവത അതായത് ഡബിൾ കിരീടധാരിയാക്കി മാറ്റുന്നത്. നിങ്ങളുടെ ജന്മം കക്കയ്ക്കു സമാനമായിരുന്നു. ഇപ്പോൾ നിങ്ങൾ വജ്ര സമാനമായിത്തീരുകയാണ്. ബാബ ഹം സൊ സൊ ഹം എന്ന മന്ത്രത്തെക്കുറിച്ചും മനസ്സിലാക്കിത്തന്നിട്ടുണ്ട്. അവർ ആത്മാവ് തന്നെയാണ് പരമാത്മാവ്, പരമാത്മാവ് തന്നെയാണ് ആത്മാവ്, ഹം സോ സോഹം, എന്നാണ് പറയുന്നത്. ബാബ പറയുന്നു ആത്മാവിനെങ്ങനെ പരമാത്മാവാകാൻ സാധിക്കും!. ബാബ നിങ്ങൾക്ക് മനസ്സിലാക്കി ത്തരുന്നു – നമ്മൾ ആത്മാക്കൾ ഈ സമയം ബ്രാഹ്മണരാണ്. പിന്നീട് നമ്മൾ ആത്മാക്കൾ ബ്രാഹ്മണനിൽ നിന്ന് ദേവതയായിത്തീരുന്നു. പിന്നീട് ക്ഷത്രിയനായിത്തീരുന്നു. പിന്നീട് ശൂദ്രനിൽ നിന്ന് ബ്രാഹ്മണൻ. ഏറ്റവും ഉയർന്ന ജന്മം നിങ്ങളുടേതാണ്. ഇത് ഈശ്വരന്റെ വീടാണ്. നിങ്ങൾ ആരുടെ അടുത്താണ് ഇരിക്കുന്നത്? മാതാ–പിതാവിന്റെ അടുത്ത്. നിങ്ങളെല്ലാവരും സഹോദരീ–സഹോദരന്മാരാണ്. ബാബ ആത്മാക്കൾക്കാണ് പഠിപ്പ് നൽകുന്നത്. നിങ്ങൾ എല്ലാവരും എന്റെ കുട്ടികളാണ്. സമ്പത്തിന്റെ അധികാരികളാണ്. അതുകൊണ്ട് പരമാത്മാവാകുന്ന പിതാവിൽ നിന്നും സമ്പത്തെടുക്കാൻ എല്ലാവർക്കും സാധിക്കും. ബാബയിൽ നിന്നും സമ്പത്ത് എടുക്കാൻ പ്രായമായവർക്കും, കുട്ടികൾക്കും, മുതിർന്നവർക്കും എല്ലാവർക്കും അധികാരമുണ്ട്. കുട്ടികൾക്കും ഇതുതന്നെ മനസ്സിലാക്കി കൊടുക്കണം – സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ പാപത്തെ നശിപ്പിക്കാൻ സാധിക്കുന്നു. ഭക്തി മാർഗ്ഗത്തിലുള്ളവർക്ക് ഈ കാര്യങ്ങളൊന്നും തന്നെ മനസ്സിലാക്കാൻ സാധിക്കില്ല. ശരി.

മധുര–മധുരമായ വളരെക്കാലത്തെ വേർപാടിനുശേഷം ശേഷം തിരിച്ചു കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  സുപ്രഭാതവും  ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക്  നമസ്കാരം.

**രാത്രി ക്ലാസ്സ്:–**

കുട്ടികൾ ബാബയെ തിരിച്ചറിയുന്നു, മനസ്സിലാക്കുകയും ചെയ്യുന്നു, ബാബയാണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കണം. പക്ഷേ മായ നിങ്ങളെ മറപ്പിക്കുന്നതാണ് ബുദ്ധിമുട്ടുള്ള കാര്യം. കുട്ടികൾ ഭയപ്പെടുന്നതിനുവേണ്ടി എന്തെങ്കിലുമെല്ലാം വിഘ്നം ഉണ്ടാക്കുന്നു. അതിലും ആദ്യത്തെ നമ്പറിലുള്ള വികാരത്തിലാണ് വീഴ്ത്തുന്നത്. കണ്ണുകൾ ചതിക്കുന്നു. ഇതിൽ കണ്ണുകൾ എടുത്തു കളയേണ്ട കാര്യമില്ല. ബാബ ജ്ഞാനമാകുന്ന നേത്രം നൽകുന്നുണ്ട്, ജ്ഞാനത്തിന്റെയും അജ്ഞാനത്തിന്റെയും യുദ്ധമാണ് നടക്കുന്നത്. ജ്ഞാനമാണ് ബാബ, അജ്ഞാനമാണ് മായ. ഇവരുടെ യുദ്ധം വളരെയധികം തീവ്രമാണ്. വീഴുമ്പോൾ ആരും മനസ്സിലാക്കുകയില്ല. അതിനുശേഷം മനസ്സിലാക്കും ഞാൻ വീണിരിക്കുകയാണെന്ന്, ഞാൻ സ്വയത്തിന്റെ അമംഗളം ചെയ്തു. മായ ഒരു പ്രാവശ്യം വീഴ്ത്തിക്കഴിഞ്ഞാൽ പിന്നെ കയറാൻ ബുദ്ധിമുട്ടാണ്. വളരെ കുട്ടികൾ പറയാറുണ്ട് ഞങ്ങൾ സാക്ഷാത്കാരം കണ്ടു എന്ന്, പക്ഷേ അതിലും മായ പ്രവേശിക്കുന്നുണ്ട്. അറിയുക പോലുമില്ല. മായ കളവു ചെയ്യിപ്പിക്കും, അസത്യം പറയിപ്പിക്കും. മായ എന്താണ് ചെയ്യിക്കാത്തത്! പറയാതിരിക്കുന്നതാണ് നല്ലത്, അത്രയ്ക്കും മോശമാക്കി മാറ്റുന്നു. പൂക്കളായി മാറി പിന്നീട് മോശമായിത്തീരുന്നു. മായ ഇത്രയ്ക്കും ശക്തിശാലിയാണ്, നമ്മെ ഇടയ്ക്കിടെ വീഴ്ത്തുന്നു.

കുട്ടികൾ പറയുന്നു ബാബാ ഞങ്ങൾ ഇടയ്ക്കിടെ മറന്നു പോകുന്നു. നിങ്ങളെ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നത് ബാബയാണ്, പക്ഷേ ആരുടെ ഭാഗ്യത്തിലാണോ ഇല്ലാത്തത് അവർക്ക് പുരുഷാർത്ഥം ചെയ്യാൻ സാധിക്കില്ല. ഇതിൽ ആർക്കും പ്രത്യേകമായ സത്കാരമോ പ്രത്യേക പഠിപ്പോ നൽകുന്നില്ല. മറ്റ് പഠിപ്പുകളിൽ പ്രത്യേകമായി കൂടുതൽ പഠിപ്പിക്കുന്നതിനുവേണ്ടി ടീച്ചറെ വിളിക്കുന്നു. ഇവിടെ ഭാഗ്യത്തെ ഉണ്ടാക്കുന്നതിനുവേണ്ടി ഏകരസമായ രീതിയിൽ പഠിപ്പിക്കുന്നു. എത്രത്തോളം ഓരോരുത്തരെ വേറെ വേറെ പഠിപ്പിക്കും? ധാരാളം കുട്ടികളുണ്ട്. മറ്റ് പഠിപ്പുകളിൽ ഏതെങ്കിലും മുഖ്യമായ ആളുകളുടെ കുട്ടികളാണെങ്കിൽ, അധികം ചിലവാക്കാൻ സാധിക്കുമെങ്കിൽ അവരെ കൂടുതൽ പഠിപ്പിക്കുന്നു. ടീച്ചർക്കറിയാം ഇവരുടെ ബുദ്ധി മങ്ങിയതാണ് അതുകൊണ്ട് അവരെ കൂടുതൽ പഠിപ്പിച്ച് സ്കോളർഷിപ്പിനു യോഗ്യരാക്കി മാറ്റുന്നു. ഈ ബാബ അങ്ങനെ ചെയ്യില്ല. ബാബ എല്ലാവരെയും ഏകരസമായ രീതിയിൽ പഠിപ്പിക്കുന്നു. അത് ടീച്ചറുടെ എക്സ്ട്രാ പുരുഷാർത്ഥം ചെയ്യിപ്പിക്കലാണ്. ബാബ ആരെയും പ്രത്യേകമായെടുത്ത് എക്സ്ട്രാ പുരുഷാർത്ഥം ചെയ്യിക്കില്ല. എക്സ്ട്രാ പുരുഷാർത്ഥം ചെയ്യിക്കുകയെന്നാൽ തന്നെ ടീച്ചർ പ്രത്യേകമായി കൃപ കാണിക്കുന്നു എന്നാണ്. അതുപോലെ തന്നെ പൈസയും വാങ്ങിക്കുന്നുണ്ടായിരിക്കും. പ്രത്യക സമയം നൽകി പഠിപ്പിക്കുന്നു അതിലൂടെ അവർ കൂടുതൽ പഠിച്ച് സമർത്ഥരാകുന്നു. ഇവിടെ

കൂടുതൽ പഠിപ്പിക്കുന്നതിന്റെ കാര്യം തന്നെയില്ല. ഇവിടെ ഒരു കാര്യം മാത്രമേയുള്ളൂ. മന്മനാഭവയുടെ ഒരേയൊരു മഹാമന്ത്രമാണ് നൽകുന്നത്. ഓർമ്മയിലൂടെ എന്താണ് സംഭവിക്കുക, ഇത് നിങ്ങൾ കുട്ടികൾക്കറിയാം. ബാബ പതിത പാവനനാണ്, ബാബയെ ഓർമ്മിക്കുന്നതിലൂടെ തന്നെ നമ്മൾ പാവനമായി ത്തീരും. ശരി! ഗുഡ്നൈറ്റ്.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം:-

1. മുഴുവൻ ലോകവും ഇപ്പോൾ ശ്മശാനമായിത്തീരണം. വിനാശം തൊട്ടു മുന്നിലാണ്. അതുകൊണ്ട് ആരുമായും സംബന്ധം വെക്കരുത്. അന്തിമകാലത്ത് ഒരേയൊരു ബാബയുടെ മാത്രം ഓർമ്മയായിരിക്കണം.

2. ശ്യാമിൽ നിന്നും സുന്ദരൻ, പതിതത്തിൽ നിന്നും പാവനമായിതീരുന്നതിനുള്ള പുരുഷോത്തമ സംഗമ യുഗമാണ് ഇത്, ഇതാണ് ഉത്തമ പുരുഷനാകുന്നതിനുള്ള സമയം. സദാ ഈ സ്മൃതിയിൽ കഴിഞ്ഞ് സ്വയത്തെ കക്കയിൽ നിന്നും വജ്ര സമാനമാക്കി മാറ്റണം.

## വരദാനം:- ജ്ഞാനധനത്തിലൂടെ പ്രകൃതിയിലെ സർവ്വ സാധനങ്ങളും പ്രാപ്തമാക്കുന്ന കോടി-കോടിപതിയായി ഭവിക്കട്ടെ.

ജ്ഞാനധനം സ്ഥൂലധനത്തെ സ്വതവേ പ്രാപ്തമാക്കിത്തരുന്നു. എവിടെ ജ്ഞാനധനമുണ്ടോ അവിടെ പ്രകൃതി സ്വതവേ ദാസിയായി മാറുന്നു. ജ്ഞാനധനത്തിലൂടെ പ്രകൃതിയുടെ എല്ലാ ധനങ്ങളും പ്രാപ്തമാകുന്നു, അതിനാൽ ജ്ഞാനധനം സർവ്വധനങ്ങളുടെയും രാജാവാണ്. എവിടെ രാജാവുണ്ടോ അവിടെ സർവ്വ പദാർത്ഥങ്ങളും സ്വതവേ പ്രാപ്തമാകുന്നു. ഈ ജ്ഞാനധനം തന്നെയാണ് കോടി-കോടിപതിയാക്കി മാറ്റുന്നത്, പരമാർത്ഥവും വ്യവഹാരവും സ്വതവേ സിദ്ധമാക്കുന്നത്. ജ്ഞാനധനത്തിൽ ഇത്രയും ശക്തിയുണ്ട് അത് അനേക ജന്മങ്ങളിലേക്ക് രാജാക്കന്മാരുടെയും രാജാവാക്കി മാറ്റുന്നു.

## സ്ലോഗൻ:- "കൽപ-കൽപത്തെ വിജയിയാണ്"- ഈ ആത്മീയ ലഹരി പുറത്തെടുക്കൂ എങ്കിൽ മായാജീത്തായി മാറും.